(സി) ഇപ്പോഴുള്ള വൈദ്യുതി ലഭ്യത കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തിന് വൈദ്യുതി മിച്ച സംസ്ഥാനമാകുവാൻ കഴിയുമോ; എങ്കിൽ അതിനായി സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ചാലക്കുടിപ്പുഴ സംരക്ഷണ സമതി, കാർത്തിക മണലാറ്റിൽ, ഒല്ലൂർ പി. ഒ. തൃശൂർ എന്ന സന്നദ്ധ സംഘടനയുടെ മേൽവിലാസത്തിൽ ഉള്ള ഒരു റിവർ റിസർച്ച് സെന്ററിന്റെ മേയ് 2004-ലെ പാത്രക്കടവ് ജലവൈദ്യുത പദ്ധതിയെ സംബന്ധിച്ച സ്റ്റാറ്റസ് പേപ്പറിന്റെ കോപ്പി ബോർഡിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിലെ പ്രധാന ശുപാർശകൾ താഴെ പറയുന്നവയാണ്:

(i) പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ ജല ലഭ്യത കണക്കുകൾ പുനഃപരിശോധിക്കുക

(ii) പ്രസരണ വിതരണ നഷ്ടം കഴിവതും കുറയ്ക്കുക.

(iii) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുക.

(സി) സെന്റർ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 16-ാം പവർ സർവ്വേ പ്രകാരം 2004-05 വർഷത്തെ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത 3593 മെഗാവാട്ട് ആണ്. അറ്റകുറ്റ പണികൾക്കുള്ള ഷട്ട് ഡൗൺ കൂടി കണക്കിലെടുത്താൽ ഇത് 4312 മെഗാവാട്ട് ആകും. 5% വാർഷിക വർദ്ധനവ് പ്രതീക്ഷിച്ചാൽ 2006-07-ൽ വൈദ്യുതി ആവശ്യകത ഏകദേശം 4743 മെഗാവാട്ട് ആകും. ഇപ്പോൾ നിലവിലുള്ള 2604.66 മെഗാവാട്ടും, പത്താം പദ്ധതിയിലെ ശേഷിക്കുന്ന പദ്ധതികളുടെ 427.75 മെഗാവാട്ടും ചേർത്താൽ ആകെ 3032.41 മെഗാവാട്ട് ആകും. കൂടുതൽ വൈദ്യുത പദ്ധതികൾ നടപ്പിലാക്കുകയും നിലവിലുള്ള പ്രസരണ വിതരണ നഷ്ടം പരാമാവധി കുറയ്ക്കുകയും ചെയ്ത് വൈദ്യുതിയുടെ ലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.

വൈദ്യുതി ലൈനിൽ തട്ടിയുള്ള മരണം

*9 [492] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊട്ടിവീണ വൈദ്യുതി ലൈനിൽതട്ടി മരണം സംഭവിക്കുന്നത് സംസ്ഥാനത്ത് നിത്യസംഭവമാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് വൈദ്യുതി ബോർഡ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇതുമൂലമുള്ള അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) പൊട്ടി വീണ വൈദ്യുതി ലൈനിൽ തട്ടി മരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള അപകടങ്ങൾ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) 1. വിതരണ ശൃംഖലയിൽ ഇപ്പോൾ നിലവിലുള്ള എ. എ. സി. (അലൂമിനിയം മാത്രം ഉപയോഗിച്ചുള്ള കമ്പി) യ്ക്ക് പകരം സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റുള്ള അലൂമിനിയം കമ്പി മാറ്റി സ്ഥാപിച്ചു വരുകയാണ്. ഘട്ടം ഘട്ടമായി കൂടുതൽ ഉറപ്പുള്ള എ. സി. എസ്. ആർ. (സ്റ്റീൽ കൂട്ടിചേർത്ത അലൂമിനിയം കമ്പി) മാത്രം ഉപയോഗിക്കുന്നതാണ്.

2. മൂന്നു മാസത്തിൽ ഒരിക്കൽ വിതരണ ശൃംഖല പൂർണ്ണമായും നേരിട്ട് പരിശോധിച്ച് കമ്പികളുടെ സമീപത്തുള്ള മരങ്ങൾ, വൃക്ഷ ശിഖരങ്ങൾ, ഓലകൾ, വള്ളികൾ എന്നിവ വെട്ടി മാറ്റുന്നുണ്ട്.

3. നിരന്തരമായി ലൈൻ പട്രോളിംഗ് നടത്തി ലൂസ് കണക്ഷനുള്ള ജോയിന്റുകൾ അഴിച്ചു വീണ്ടും ശക്തിപ്പെടുത്തുന്നു.

4. പൊട്ടിയതും പഴയതുമായ ഇൻസുലേറ്ററുകൾ മാറ്റി സ്ഥാപിക്കുന്നു.

5. കേടു വന്നതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നു.

6. ഫൈബർ കൊണ്ടു നിർമ്മിച്ചിട്ടുള്ള സ്പേസറുകൾ ലൈനുകൾക്കിടയിൽ ഉപയോഗിക്കുന്നു.

7. കമ്പികൾ പൊട്ടി വീഴുന്നതിനെക്കുറിച്ചും വൈദ്യുതി ലൈനുകളുമായി ബന്ധപ്പെട്ട അപകടങ്ങളെ സംബന്ധിച്ചും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായി സഹകരിച്ച് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. ചീഫ് എഞ്ചിനീയർമാരുടെയും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടേയും അവലോകനയോഗം നടത്തി അപകടങ്ങൾ സംഭവിയ്ക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. ജില്ലാ കളക്ടർമാരുടെ ഉത്തരവാദിത്വത്തിൽ സേഫ്റ്റി കമ്മിറ്റി രൂപീകരിച്ചു അവലോകനം നടത്തുന്നുണ്ട്.

(ഡി) അപകടങ്ങൾ ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെ താഴെ പറയുന്ന ആധുനിക സംവിധാനങ്ങൾ നടപ്പാക്കി വരുന്നുണ്ട്.

1. ഇൻസുലേറ്റ് ചെയ്ത "ഓവർ ഹെഡ് ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ" ഉപയോഗിക്കുന്നു.

2. കഴിയുന്നത്ര അണ്ടർഗ്രൗണ്ട് കേബിളുകൾ ഉപയോഗിക്കുന്നതിലേയ്ക്കായി കേന്ദ്ര ഗവൺമെന്റിന്റെ എ. പി. ഡി. ആർ. പി. സ്കീമിൽ ഉൾപ്പെടുത്തി സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. 'എർത്ത് ലീക്കേജ് പ്രൊട്ടക്ഷൻ' സംവിധാനമുള്ള എം. സി. സി. ബി. സർക്യൂട്ട് ബ്രേക്കർ ഉപയോഗിക്കുന്നു.

4. ലൈനുകൾക്ക് കീഴിൽ ഗാർഡിംഗ് ഉപയോഗിക്കുന്നു.

നികുതികൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

*10 [493] ശ്രീ. പി. എസ്. സുപാൽ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ നികുതികൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം നികുതികൾ എത്ര കണ്ട് വർദ്ധിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ & ബി) കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. 21-8-2003-ലെ സ.ഉ.(അ)നം. 256/03/തസ്വഭ. പ്രകാരം പ്രദർശന നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. 25-7-2000-ലെ സ.ഉ.(പി)നം. 128/02/തസ്വഭ. പ്രകാരം പരസ്യ നിരക്കുകൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly